പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4405

**21.03.2018 ൽ**
**മറുപടിക്ക്**

## പോലീസ് സേനയുടെ ആധുനികവല്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. കെ. രാജൻ<br>ശ്രീ. എൽദോ എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

എ) ശാസ്ത്രീയമായി കുറ്റാന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് സേന എന്തെല്ലാം ആധുനിക ശാസ്ത്രീയ ഉപകരണങ്ങളാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

എ) കുറ്റാന്വേഷണം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി, നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള താഴെപ്പറയുന്ന അത്യാധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് ലഭ്യമാക്കിയിട്ടുണ്ട്.

- ഡി.എൻ.എ സീക്വൻസർ
- അഡ്വാൻസ് എക്യുപ്മെന്റ് ഫോർ ഡോക്കുമെന്റ് എക്സാമിനേഷൻസ്
- ഡിജിറ്റൽ മൈക്രോസ്കോപ്പ്
- സൂം സ്റ്റീരിയോ മൈക്രോസ്കോപ്പ്
- എഫ്.റ്റി.ഐ.ആർ സ്പെക്ട്രോസ്കോപ്പ് വിത്ത് ലൈബ്രറി
- വി.സി.ആർ മെഷീൻ
- റിഫ്രാക്ടോമീറ്റർ
- അൾട്രാ ലോ ടെമ്പറേച്ചർ ഫ്രീസർ
- റഫ്രിജറേറ്റഡ് സെൻട്രിഫ്യൂജ് (ഹൈ-സ്പീഡ്)
- ആൽക്കോമീറ്റർ
- ആഡിയോ റിക്കോർഡർ
- വീഡിയോ റിക്കോർഡർ
- ഇൻവെസ്റ്റിഗേഷൻ കിറ്റ്

- മോഡേൺ ഫിംഗർ പ്രിന്റ് ടെസ്റ്റിംഗ് സിസ്റ്റം
- യു.വി. ലൈറ്റ് സോഴ്സ്
- കമ്പ്യൂട്ടറുകൾ

ബി) പോലീസ് ആധുനീകരണത്തിന്റെ ഭാഗമായി പോലീസ് സേനയ്ക്ക് ലഭ്യമാക്കിയിട്ടുള്ള അത്യന്താധുനിക ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

ബി) പോലീസ് സേനയുടെ ആധുനികവല്ക്കരണത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ കേരള പോലീസ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.
അത്യന്താധുനിക സാങ്കേതിക വിദ്യയിലുള്ള ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar), വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Cameras), വെഹിക്കിൾ മൗണ്ടഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted GPS Systems), ട്രാഫിക് സിഗ്നൽ സിസ്റ്റംസ് (Traffic Signal Systems), ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ, ബ്രസ് ബസ്സ് (ആൽക്കഹോൾ /ഡ്രഗ്ഗ് ഡിറ്റക്ഷനു വേണ്ടി) തുടങ്ങിയ അനേകം ഉപകരണങ്ങൾ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്.

സി) പോലീസ് സംവിധാനത്തെ ആധുനീകരിക്കുന്നതിനും നവീകരിക്കുന്നതിനുമായി 2017-18 സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

സി) 2017-18 സാമ്പത്തിക വർഷത്തിൽ പോലീസ് സംവിധാനത്തെ ആധുനീകരിക്കുന്നതിനും നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് 4700 ലക്ഷം രൂപ താഴെപ്പറയുന്ന വിവിധ പദ്ധതികൾക്കായി അനുവദിക്കുകയും ആയതിന്റെ നിർവ്വഹണം നടന്നുവരികയും ചെയ്യുന്നു.

1. 13 ജില്ലകളിൽ പിങ്ക് കൺട്രോൾ റൂമുകൾ
2. ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കൽ
3. ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയുടെ വികസിപ്പിക്കൽ
4. സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതികത്വം വികസിപ്പിക്കൽ
5. 3 ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കൽ, വികസിപ്പിക്കൽ
6. പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ് വെയറും ഫർണിച്ചറും വാങ്ങൽ
7. 100 പോലീസ് സ്റ്റേഷനുകളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കൽ

8. 4 ജില്ലകളിൽ District Control Room നിർമ്മിക്കൽ
9. ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം
10. കേന്ദ്ര സഹായത്തോടു കൂടി സൈബർ ഇൻവെസ്റ്റിഗേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള രൂപരേഖ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.
11. ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാതകളിലും ദേശീയപാതകളിലുമായി 350 ഇടങ്ങളിൽക്കൂടി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിശോധനയിലാണ്.
12. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടു കൂടി നാഷണൽ എമർജൻസി റെസ്പോൺസ് സിസ്റ്റം എന്ന പദ്ധതി (ഡയൽ 112) നടപ്പിലാക്കി വരുന്നു.
13. എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ പോലീസ് സ്റ്റേഷൻ എന്നിവ സംയോജിപ്പിച്ച് ഒരു സൈബർ ഡോം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുന്നതിനുമുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

| | |
|---|---|
| ഡി) സ്റ്റേറ്റ് എമർജൻസി റെസ്പോൺസ് സിസ്റ്റം നടപ്പിലായിട്ടുണ്ടോ; വ്യക്തമാക്കുമോ? | ഡി) നാഷണൽ എമർജൻസി റെസ്പോൺസ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ